സാംസ്കാരിക മികവുള്ള ഒരു സ്ഥാപനമായി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നു. കല്പിത സർവ്വകലാശാലയുടെ കീഴിൽ കുഞ്ചൻനമ്പ്യാർ സ്മാരകം തുള്ളൽ പഠനത്തിനുവേണ്ടിയുള്ള ഒരു കേന്ദ്രമായി ഉയർത്തുന്നതാണ്. 2006-മാണ്ട് രാജാരവിവർമ്മയുടെ നൂറാം ചരമവാർഷികമാണ്. അദ്ദേഹത്തിന്റെ അമൂല്യമായ നിരവധി സൃഷ്ടികൾ സൂക്ഷിച്ചിട്ടുള്ള ശ്രീ ചിത്തിര ആർട്ട് ഗാലറി മോടി പിടിപ്പിക്കാനും ന്യൂഡൽഹിയിലെ ദേശീയ മ്യൂസിയത്തിൽ ഏൽപ്പിച്ചിരിക്കുന്ന 49 രാജാ രവിവർമ്മ ചിത്രരചനകൾ ഈ വർഷം തന്നെ പൂർണ്ണമായും വീണ്ടെടുക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. 12-ാം ധനകാര്യ കമ്മീഷൻ അവാർഡിൻകീഴിൽ തൃപ്പൂണിത്തുറ ഹിൽ പാലസ്സിന്റെയും തിരുവനന്തപുരം നാപ്പിയർ മ്യൂസിയത്തിന്റെയും സംരക്ഷണം ഏറ്റെടുക്കുന്നതാണ്.

78. ഇപ്പോൾ ഏറ്റെടുത്ത നടപടികൾ നടന്നുകൊണ്ടിരിക്കുന്ന തിരുവനന്തപുരത്തെ ശ്രീപാദം കൊട്ടാരം സംസ്ഥാന പുരാവസ്തു വകുപ്പിന്റെ പഴക്കമുള്ള ചരിത്രപരമായും പുരാവസ്തു ശാസ്ത്രപരമായും പ്രാധാന്യമുള്ള നാണയശേഖരം സൂക്ഷിക്കുന്നതിനുള്ള ന്യൂമിസ്മാറ്റിക് മ്യൂസിയമാക്കി മാറ്റി സംരക്ഷിക്കുന്നതാണ്. ജനങ്ങൾ എങ്ങനെ ചരിത്രം രചിച്ചു എന്നു വിവരിക്കുന്ന കേരളത്തിലെ ജനകീയ പ്രക്ഷോഭങ്ങളെ കേന്ദ്രീകരിച്ച്, പുന്നപ്ര വയലാർ സ്മാരകമായി പൊതുപ്രവർത്തനം സംബന്ധിച്ച ഒരു അന്തർദേശീയ ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതാണ്. 1857-ലെ ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ 150-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഇത് ആരംഭിക്കുന്നതാണ്.

79. സ്പോർട്ട്സ് മേഖലയിൽ കേരളം ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി. സ്പോർട്ട്സ് കൗൺസിലിന്റെ നവീകരണത്തിനായി ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സ്പോർട്ട്സിനെ സംബന്ധിക്കുന്ന നിലവിലുള്ള ആക്റ്റുകളും ചട്ടങ്ങളും പുനഃപരിശോധിക്കുകയും പ്രാദേശിക തലത്തിലും സംസ്ഥാനതലത്തിലും സ്പോർട്ട്സ് പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരുകയും ചെയ്യും.

80. പ്രതിരോധത്തിന് ഊന്നൽ നൽകികൊണ്ടുള്ള മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണം, പ്രാഥമിക, ദ്വിതീയ, ത്രിതീയ തലത്തിലുള്ള ആശുപത്രികളിൽ നിന്നും പാവപ്പെട്ടവർക്കും അഗതികൾക്കും താങ്ങാവുന്ന ചെലവിൽ വൈദ്യസഹായവും നൽകുന്നത് ഉറപ്പുവരുത്തുവാൻ എന്റെ സർക്കാരിന് പ്രതിബദ്ധതയുണ്ട് എന്നുള്ളത് എടുത്തുപറയുന്നു. മാതൃ-ശിശു ആരോഗ്യം, കൗമാരക്കാരുടെയും വൃദ്ധരുടെയും ആരോഗ്യ സംരക്ഷണം എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ടുള്ള ആരോഗ്യ സംരക്ഷണം പ്രദാനം ചെയ്യുന്നതിനായി ഒരു ലൈഫ് സൈക്കിൾ അപ്രോച്ച് സ്വീകരിക്കുന്നതാണ്.

81. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ മെച്ചപ്പെട്ട രീതിയിൽ പങ്കെടുപ്പിച്ചുകൊണ്ട് സ്റ്റേറ്റ് റൂറൽ ഹെൽത്ത് മിഷനും ഡിസ്ട്രിക്റ്റ് റൂറൽ ഹെൽത്ത് മിഷനുകളും സജീവമാക്കുന്നതിനുള്ള നടപടികൾ എന്റെ സർക്കാർ എടുക്കുന്നതാണ്. ജലവിഭവ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ പോലുള്ള സമാന ശ്രേണിയിലുള്ള വകുപ്പുകളിൻകീഴിലുള്ള വിവിധ പദ്ധതികളെ ഏകോപിപ്പിച്ച് ആരോഗ്യ സംരക്ഷണം

പ്രദാനം ചെയ്യുന്നത് ശക്തിപ്പെടുത്തുന്നതാണ്. ഈ ലക്ഷ്യം മനസ്സിൽക്കണ്ടുകൊണ്ട് സമഗ്രവും, സംയോജിതവും, വികേന്ദ്രീകൃതവുമായ സമീപനം സ്വീകരിച്ചുകൊണ്ട് ആരോഗ്യ പരിപാലനം, ശുചിത്വം, കുടിവെള്ളം, പോഷകാഹാരം, മാലിന്യനിർമ്മാർജ്ജനം എന്നിവയ്ക്കായി സാമൂഹ്യനിയന്ത്രണവും മേൽനോട്ടവും അന്തർലീനഘടകമായിട്ടുള്ള ഒരു ജനകീയ ആരോഗ്യ പരിപാടി ആവിഷ്കരിക്കുന്നതും നടപ്പിലാക്കുന്നതും ആണ്. ആദിവാസി ജനവിഭാഗം, മത്സ്യത്തൊഴിലാളി സമുദായം, ശാരീരികവും മാനസികവുമായ വൈകല്യമുള്ള വ്യക്തികൾ എന്നീ ദുർബല വിഭാഗങ്ങളെ ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു കേന്ദ്രീകൃത പദ്ധതിയുംകൂടി നടപ്പിലാക്കുന്നതാണ്.

[illegible]. സാംക്രമികമല്ലാത്തതും ജീവിതരീതി മൂലമുണ്ടാകുന്നതുമായ രോഗങ്ങളുടെ ഗണ്യമായ വർദ്ധനവും കൂടാതെ പകർച്ചവ്യാധികളുടെ കൂട്ടത്തോടെയുള്ള തിരിച്ചുവരവുമാണ് കേരളത്തിലെ രോഗാവസ്ഥയുടെ ചിത്രം തുറന്നുകാട്ടുന്നത്. അതിനാൽ, എന്റെ സർക്കാർ, ഇത്തരം രോഗാവസ്ഥ നേരിടുന്നതിന് ഫലപ്രദമായ ചികിത്സയും, പൊതുജനാരോഗ്യ സമീപനവും സ്വീകരിക്കുന്നതാണ്.

[illegible]. ആരോഗ്യ വകുപ്പിൽ മരുന്നുകളും ഉപകരണങ്ങളും സംഭരിക്കുന്നതിലെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും, സുതാര്യമാക്കുന്നതിനും, ഒരു സമഗ്ര "കമ്പ്യൂട്ടറൈസ്ഡ് പ്രൊക്യുർമെന്റ് ആന്റ് ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം" കൊണ്ടുവരുന്നതാണ്. സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയും, അവയുടെ പ്രവർത്തന സ്വാതന്ത്ര്യം ഉറപ്പുവരുത്തിയും, മെഡിക്കലും പാരാ-മെഡിക്കലുമായ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിനെ എ. ഐ. ഐ. എം. എസ്.-ന് തുല്യമായ പദവി നല്കി,

'സെന്റർ ഓഫ് എക്സലൻസ്' ആയി ഉയർത്തുന്നതാണ്. ആരോഗ്യമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്റെ സർക്കാർ എടുക്കുന്നതാണ്. കൂടാതെ പ്രതിഭകളെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും സർക്കാർ മേഖലയിലെ ഡോക്ടർമാരുടെ സേവന വ്യവസ്ഥകൾ ഉചിതമായി പരിഷ്കരിക്കുന്നതാണ്.

34. ഹോമിയോപ്പതി, ആയുർവേദം, മറ്റ് ഭാരതീയ ചികിത്സാ സമ്പ്രദായങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതാണ്. ആയുർവേദ മരുന്നുല്പന്നങ്ങളുടെ വികസനത്തിനും പ്രത്യേക ആയുർവേദ ചികിത്സകളുമുള്ള ഗവേഷണത്തിനും സവിശേഷ ശ്രദ്ധ ഉണ്ടായിരിക്കുന്നതാണ്.

35. സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന സാമൂഹികവും വികസനപരവുമായ സൂചകങ്ങൾ പ്രകാരം രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്കിടയിൽ കേരളം പ്രഥമസ്ഥാനത്ത് നിലകൊള്ളുന്നു. എന്നിരുന്നാലും, നമ്മുടെ നേട്ടങ്ങൾ നിലനിർത്തുന്നതിനും, നമ്മുടെ സ്ത്രീകളുടെയും കുട്ടികളുടെയും സർവ്വതോന്മുഖമായ ക്ഷേമത്തിനും പുരോഗമനത്തിനും വേണ്ടിയും കൂടുതൽ കേന്ദ്രീകൃതവും സമഗ്രവും സംയോജിതവുമായ സമീപനം ആവശ്യമാണ്. സ്ത്രീകളും ശിശുവികസനവും എന്ന ഒരു പ്രത്യേക വകുപ്പ് രൂപപ്പെടുത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് പ്രഖ്യാപിക്കുന്നതിൽ ഞാൻ സന്തുഷ്ടനാണ്.

46. സമഗ്ര ശിശു വികസന സേവനങ്ങളുടെ വ്യാപ്തി കൂടുതൽ വിപുലമാക്കുന്നതാണ്. ഭാരത സർക്കാർ കൂടുതലായി അനുവദിച്ച 3260 അംഗൻവാടികൾ, കുട്ടികളുടെ പോഷകാഹാര നിലവാരം, സംസ്ഥാന ശരാശരിയേക്കാൾ കുറവായതും, പ്രത്യേകിച്ച് സംസ്ഥാനത്തെ തീരദേശ പ്രദേശങ്ങൾ, ഗോത്രവർഗ്ഗ പ്രദേശങ്ങൾ, നഗരത്തിലെ ചേരിപ്രദേശങ്ങൾ, എത്തിച്ചേരാൻ സാധ്യമല്ലാത്ത പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. അതിലുപരിയായി പോഷകാഹാരക്കുറവ് ലഘൂകരിക്കുന്നതിനായി മൂന്ന് വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും 'ടേക്ക് ഹോം റേഷൻസ്' ലഭ്യമാക്കുന്നതാണ്. നമ്മുടെ അംഗൻവാടികൾ സാമൂഹ്യവികസന കേന്ദ്രങ്ങൾ ആയി വീണ്ടും വികസിപ്പിക്കുന്നതും, അംഗൻവാടി ജീവനക്കാരുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള വഴികൾ സർക്കാർ ആരായുന്നതുമാണ്.

47. എന്റെ സർക്കാരിന് ദുരിതം അനുഭവിക്കുന്ന കൊച്ചു കുട്ടികളുടെ അവസ്ഥയിൽ, അത് ഏതു കാരണത്താലായാലും, അതീവ ശ്രദ്ധയുള്ളതാകുന്നു. അത്തരത്തിലുള്ള പീഡിതരായ കുട്ടികളെ സഹായിക്കുന്നതിനായി "ചൈൽഡ് ലൈൻ സർവ്വീസുകൾ" സംസ്ഥാന സഹായത്തോടുകൂടി പാലക്കാട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം ജില്ലകളിൽ നിന്നു തുടങ്ങി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതുമാണ് കൂടാതെ, ബാലനീതി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ദത്തെടുക്കലോ പരിരക്ഷയോ മുഖേന എല്ലാ അനാഥക്കുഞ്ഞുങ്ങളുടെയും സംരക്ഷണം സർക്കാർ പ്രോത്സാഹിപ്പിക്കുന്നതാണ്.

[illegible]. നമ്മുടെ അംഗവൈകല്യമുള്ള സഹോദരങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ശൈശവ കാലവൈകല്യങ്ങൾ മുൻകൂട്ടികണ്ടെത്തുന്നതിനായി അംഗൻവാടി ജീവനക്കാരെ പരിശീലിപ്പിക്കുന്നതാണ്. കാലക്രമത്തിൽ കുട്ടികളിലുള്ള മാറ്റാവുന്ന പഠന-ശാരീരിക വൈകല്യങ്ങൾ കുറയ്ക്കുന്നതിന് ഇത് വളരെ സഹായകമാകുന്നതാണ്. കുള്ളന്മാരെയും ചെറിയ ശരീരപ്രകൃതിയുള്ള സ്ത്രീകളെയും പുരുഷന്മാരെയും വികലാംഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതാണ്.

[illegible]. രാജ്യത്തെ ഏറ്റവും മികച്ചതായ ഈ സംസ്ഥാനത്തിലെ പൊതുവിതരണ സമ്പ്രദായം പുതിയ പരിഷ്കാരം കൊണ്ട് ക്രമമായി ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാവർക്കും റേഷൻ നൽകുന്ന സമ്പ്രദായത്തിൽനിന്നും ലക്ഷ്യമിട്ടിരിക്കുന്ന പ്രത്യേക വിഭാഗത്തിനുമാത്രം റേഷൻ നല്കുന്ന സമ്പ്രദായത്തിലേയ്ക്കുള്ള മാറ്റം ഒരു വലിയ അനുപാതത്തിലുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെപോലും പൊതുവിതരണ സമ്പ്രദായത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 14.16 ലക്ഷം കുടുംബങ്ങൾ ഉണ്ട്. എങ്കിൽപോലും, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 9.58 ലക്ഷം കുടുംബങ്ങൾക്ക് മാത്രമേ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുവാൻ ഭാരത സർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽ നിന്നും അനർഹരായ വ്യക്തികളെ കണ്ടുപിടിച്ച് ഒഴിവാക്കുവാനും അർഹരായ വ്യക്തികളെ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാവപ്പെട്ടവർക്ക് കിലോയ്ക്ക് 3 രൂപ നിരക്കിൽ അരി വിതരണം ചെയ്യുവാൻ കഴിഞ്ഞ സർക്കാർ വ്യവസ്ഥകളൊന്നും ഉണ്ടാക്കിയിട്ടില്ലെങ്കിൽ പോലും, പ്രതിമാസം 10 കോടി രൂപ ആവശ്യമായിവരുന്ന ഈ പദ്ധതി തുടരുന്നതാണ്.

൯൦. മാവേലി സ്റ്റോറുകൾ ആരംഭിച്ചതിന്റെ രജത ജൂബിലി വർഷത്തിൽ, എന്റെ സർക്കാർ, മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റ്, ശബരി സൂപ്പർ മാർക്കറ്റുകൾ, എ ആർ ഡി ശബരി സ്റ്റോറുകൾ എന്നിവിടങ്ങളിലെ സേവന പ്രദാന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സപ്ലൈകോയുടെ കീഴിൽ നടപ്പു വർഷം കൂടുതൽ മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതാണ്. കൂടാതെ, സംസ്ഥാനത്തെ കർഷകർക്ക് ഒരു സ്ഥിരമായ കമ്പോളവും സ്ഥിരമായ വിലനിലവാരവും ഉറപ്പാക്കുന്നതിനുവേണ്ടി എന്റെ സർക്കാർ, കർഷകരിൽ നിന്ന് നേരിട്ട് നെല്ല് സംഭരിച്ച് അരിയാക്കിമാറ്റി, പൊതുവിതരണ സമ്പ്രദായം മുഖേന വിതരണം നടത്തുന്നതിന് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനെ അധികാരപ്പെടുത്തിയിട്ടുള്ളതാകുന്നു. ഉത്സവകാലങ്ങളിൽ വിപണന ഇടപെടലുകൾ ശക്തിപ്പെടുത്തുന്നതിനായി ഉപഭോക്താക്കൾക്ക് ഓണത്തിന് ഒരു പ്രത്യേക പ്രോത്സാഹനം നൽകുന്ന കാര്യവും പരിഗണിച്ചു വരുന്നു.

൯൧. പൊതുജന സേവനത്തിന്റെ കാര്യത്തിൽ, കേരളത്തിന് സുദീർഘവും പ്രശസ്തവുമായ ഒരു പാരമ്പര്യമാണ് ഉള്ളത്. ഇത്തരം സേവനങ്ങളുടെ നിലവാരം നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഉള്ള കഴിവ് സ്വായത്തമാക്കുന്നതിനായി ഭാരത സർക്കാരിന്റെ സഹായത്തോടെ 'സെന്റർ ഓഫ് ഗുഡ് ഗവേണൻസ്' (സി. ജി. ജി.) സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ (ഐ. എം. ജി.) കാമ്പസിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനം ആയിരിക്കുന്നതാണ്. ഉന്നത നിലവാരത്തിലുള്ള പ്രവർത്തനം നേടുന്നതിനും പൊതുജന സേവന സ്ഥാപനങ്ങൾക്ക് മാർഗ്ഗദർശനം നൽകുന്നതിനും, കൈപിടിച്ചുയർത്തുന്നതിനുമാണ് ഇത് ലക്ഷ്യമിട്ടിട്ടുള്ളത്.

92. സർക്കാരിന്റെ പ്രവർത്തനങ്ങൾ ഔദ്യോഗികവും ജനസൗഹൃദപരവും ആക്കുന്നതിനുള്ള അടിസ്ഥാന ഭരണ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിന് എന്റെ സർക്കാർ മുൻഗണന നൽകുന്നതാണ്. ഇതിന്റെ തുടക്കമായി മൂന്നാം ഭരണ പരിഷ്കാര കമ്മീഷന്റെ പതിനഞ്ചു റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതാണ്. ഭരണ പരിഷ്കാരത്തിന് സുതാര്യതയാണ് ഏറ്റവും നല്ല രൂപമെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. അതിനാൽ, ഭരണം സുതാര്യവും സാധാരണക്കാരന് പൂർണ്ണമായി പ്രാപ്യവുമാക്കുന്നതിനായി വിവരാവകാശ നിയമത്തിൽ ലഭ്യമാക്കിയിട്ടുള്ള അവസരങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതാണ്. എന്റെ സർക്കാർ അതിന്റെ മർമ്മ പ്രധാനമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് മുൻകൈയെടുത്ത് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നു. ഈ ആവശ്യത്തിലേക്കായി ഓരോ വകുപ്പും വിവരങ്ങൾ നിർബന്ധമായും വെളിപ്പെടുത്തേണ്ട ഇനങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും അങ്ങനെ ലഭ്യമാക്കുന്ന വിവരങ്ങൾ സാധാരണക്കാരന് മനസ്സിലാകുന്ന രൂപത്തിലും ഭാഷയിലും ആയിരിക്കുന്നതുമാണ്. ഇത് സർക്കാരിന്റെ പ്രവർത്തനങ്ങളുടെ നിരന്തരമായ പൊതുജന പരിശോധനയ്ക്ക് സഹായകമാകുന്നതാണ്.

93. പാർലമെന്ററികാര്യ വകുപ്പ് ഇപ്പോൾ അതിന്റെ ശൈശവാവസ്ഥയിലാണ്. ഈ വകുപ്പിനെ വളരെ ഊർജ്ജസ്വലതയുള്ള ഒരു വകുപ്പായി വളർത്തുന്നതിന് ഒരു പുതുവീക്ഷണവും, വർദ്ധിച്ച പരിപോഷണവും സഹായിക്കുന്നതാണ്. സർക്കാരിനെയും നിയമനിർമ്മാണ സഭയെയും തമ്മിൽ ഏകോപിപ്പിക്കുക എന്ന ഇതിന്റെ പ്രാഥമിക ചുമതലയ്ക്ക് ഉപരിയായി നമ്മുടെ ഭരണഘടനാപരമായ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന വിശാലമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഈ വകുപ്പ് ഉദ്ദേശിക്കുന്നു. പാർലമെന്ററി ജനാധിപത്യത്തിൽ പഠനവും ഗവേഷണവും പരിശീലനവും നൽകുന്ന ഒരു സ്ഥാപനമായി ഈ വകുപ്പിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിനെ വികസിപ്പിക്കുന്നതാണ്.

94. യുവജനങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും അതിനുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും ദേശീയ യുവജന കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം ഒരു സംസ്ഥാന യുവജന കമ്മീഷൻ രൂപീകരിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തൊഴിൽ രഹിതരെയും തൊഴിലുടമകളെയും സഹായിക്കുന്നതിനുവേണ്ടി തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇൻഡ്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനുമായി സഹകരിച്ച് വിവര സാങ്കേതിക വിദ്യയ്ക്കും ഉപഗ്രഹ വിദ്യാഭ്യാസത്തിനുമുള്ള കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതിന് യൂത്ത് ക്ലബ്ബുകൾ, പ്രത്യേകിച്ചും ഗോത്രവർഗ്ഗക്കാരുടെയും പിന്നോക്ക വിഭാഗത്തിലുള്ളവരുടെയും പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിനുംകൂടി ഉദ്ദേശിക്കുന്ന എന്റെ സർക്കാർ യുവജനങ്ങളുടെ മെച്ചപ്പെട്ട പങ്കാളിത്തത്തോടുകൂടി കേരളോത്സവവും സംഘടിപ്പിക്കുന്നതാണ്.

95. തൊഴിലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ, സമാധാന പരവും നൂതനവുമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഒരു ഇൻഡസ്ട്രിയൽ റിലേഷൻ ബോർഡ് എന്റെ സർക്കാർ രൂപവൽക്കരിക്കുന്നതാണ്. വ്യവസായികൾക്കും, നിക്ഷേപകർക്കും പ്രോത്സാഹനവും സംരക്ഷണവും നൽകുന്നതിനുകൂടി എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പുതിയ നിക്ഷേപകർക്ക് ബുദ്ധിമുട്ട് കൂടാതെ, പ്രശ്നങ്ങൾ പരിഹരിച്ചു കിട്ടുന്നതിന് നിലവിലുള്ള ഏകജാലക ക്ലിയറിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതും കൂടുതൽ ഫലപ്രദ മാക്കുന്നതുമാണ്. നിർണ്ണയിക്കപ്പെട്ട ഏറ്റവും കുറഞ്ഞ വേതനം യഥാസമയം പുതുക്കുന്നതും ഏറ്റവും കുറഞ്ഞ വേതനം നിർണ്ണയിക്ക പ്പെട്ടിട്ടില്ലാത്ത മേഖലകളിൽ അവ നിർണ്ണയിക്കുന്നതുമാണ്. ലേബർ എൻഫോഴ്സ്മെന്റ് വിംഗിന്റെ പ്രവർത്തനം

കാര്യക്ഷമമാക്കുന്നതാണ്. എല്ലാ അസംഘടിത മേഖലയിലേക്കും ക്ഷേമ പദ്ധതികളുടെ പരിരക്ഷ വർദ്ധിപ്പിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമായിരിക്കുന്നതും അതുകൊണ്ടുതന്നെ വിവിധ അപരിരക്ഷിത മേഖലകൾക്കും പുതിയ ക്ഷേമ പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പാക്കുന്നതുമാണ്. എല്ലാ ക്ഷേമ പദ്ധതികളുടേയും കീഴിലുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതും, ജോലിസ്ഥലങ്ങളിലെ സ്ത്രീകളുടെ സുരക്ഷിതത്വവും അന്തർ സംസ്ഥാന കുടിയേറ്റ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതും, എന്റെ സർക്കാർ ഉറപ്പുവരുത്തുന്നതാണ്.

൯൬. പട്ടികജാതികളുടേയും പട്ടികഗോത്രവർഗ്ഗങ്ങളുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ പദവി മെച്ചപ്പെടുത്തുന്നതിനും മുൻകൈയെടുത്തു പ്രവർത്തിക്കുന്നതിൽ കേരളം എന്നും വഴികാട്ടിയായിരുന്നു. ഇപ്പോൾ ഉയർന്നുവരുന്ന സമ്പദ്‌വ്യവസ്ഥയിൽ അവസരങ്ങൾ പിടിച്ചുവാങ്ങുന്നതിനു വേണ്ടിയുള്ള നിഷ്കരുണവും നീതി രഹിതവുമായ മത്സരത്തിൽ ഈ ദുർബലവിഭാഗങ്ങൾ വീണ്ടും പുറംതള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട്, എന്റെ സർക്കാർ പട്ടികജാതി-പട്ടികഗോത്രവർഗ്ഗങ്ങളുടെ ദീർഘകാല വികസനത്തെ സംബന്ധിച്ച പ്രശ്നങ്ങളെ പ്രത്യേകമായി പരിഹരിക്കുന്നതിന് പ്രയത്നിക്കുന്നതും, ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി സ്പെഷ്യൽ കമ്പോണന്റ് പ്ലാനും, ട്രൈബൽ സബ് പ്ലാനും പുനരാവിഷ്കരിക്കുന്നതുമാണ്. പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കായി നീക്കിവച്ചിട്ടുള്ള തുക വക മാറ്റി ചിലവഴിക്കുകയോ, ദുർവ്യയം ചെയ്യുകയോ ചെയ്യുന്നത് കുറ്റകരമായി കണക്കാക്കുകയും ദളിതരുടേയും ആദിവാസികളുടേയും സമഗ്ര വികസനത്തിന് സഹായകമായി സിവിൽ അവകാശങ്ങൾ സംരക്ഷണം ആക്റ്റിന് പുതിയ അർത്ഥവും ദിശയും നൽകുന്നതുമാണ്.

97. പാർപ്പിടം, വൈദ്യുതി, കുടിവെള്ളം, ഭൂരഹിതരായവർക്ക് ഭൂമി, വിദ്യാഭ്യാസം, ആരോഗ്യം എന്നിവപോലെയുള്ള അടിസ്ഥാന ആവശ്യങ്ങൾക്ക് വേണ്ടിയുള്ള വ്യവസ്ഥകൾ ഇടപെടലുകളാവശ്യമായ പ്രധാന ലക്ഷ്യസ്ഥാനങ്ങളായി തുടരുന്നതാണ്. സംവരണം നടപ്പാക്കിയതിലെ പോരായ്മകൾ കണ്ടെത്തുന്നതിന് വിശദമായ ഒരു സർവ്വേ നടത്തുന്നതും അവ എത്രയും പെട്ടെന്ന് നികത്തുന്നതുമാണ്. വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതാണ്. പട്ടികജാതി പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികളിൽ നിന്ന് പ്രതിഭാശാലികളായ വിദ്യാർത്ഥികളെ കണ്ടെത്തി, അവർക്ക് വിദേശപഠനത്തിനുള്ള സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ് പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കായി ഒരു നഴ്സിംഗ് കോളേജ് തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള തിരഞ്ഞെടുക്കപ്പെട്ട വ്യാവസായിക പരിശീലന കേന്ദ്രങ്ങളെ അപ്ഗ്രേഡ് ചെയ്യുന്നതും ഉത്പാദന പരിശീലന കേന്ദ്രങ്ങളായികൂടി പ്രവർത്തിക്കുന്ന താമസസൗകര്യമുള്ള മാതൃകാ വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതും അങ്ങനെ പട്ടിക സമുദായങ്ങളുടെ തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതുമാണ്. ചെറുകിട സംരംഭങ്ങൾക്കും സൂക്ഷ്മസംരംഭങ്ങൾക്കും വേണ്ടിയുള്ള വ്യാവസായിക സംരംഭ പരിപാടികൾ ശക്തിപ്പെടുത്തുന്നതാണ്.

98. സംസ്ഥാനത്ത് 671-ലധികം സെറ്റിൽമെന്റുകളിലായി വ്യാപിച്ചുകിടക്കുന്ന ഏകദേശം 18,500-ഓളം ആദിവാസി കുടുംബങ്ങൾ വനമേഖലയിൽ താമസിക്കുന്നു. വനം വകുപ്പിന്റെ സാങ്കേതിക പിന്തുണയോടുകൂടി "വനമേഖലയ്ക്കുള്ളിൽ താമസി

ക്കുന്ന ആദിവാസികളുടെ ക്ഷേമത്തിനായുള്ള പദ്ധതി " എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. ആദിവാസികളെ വനം മാഫിയകളുടെയും, ലൈംഗിക ചൂഷണത്തിന്റെയും പിടിയിൽനിന്നും വിമുക്തരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തൊഴിൽ നൽകുന്നതിനും, വരുമാനം ഉണ്ടാക്കുന്നതിനുമായി കൃഷി, വ്യവസായം, കയർ മറ്റു പരമ്പരാഗത തൊഴിലുകൾ എന്നിവ പോലെയുള്ള വിവിധ മേഖലകളിലെ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും; ശക്തിപ്പെടുത്തുന്നതിനും കൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വിവിധ ആദിവാസി വിഭാഗങ്ങളുടെ പരമ്പരാഗതമായ വൈദഗ്ദ്ധ്യം പരിപോഷിപ്പിക്കുന്നതാണ്. പരമ്പരാഗത ഔഷധങ്ങളിൽ ആദിവാസികളുടെ വംശ വൈദഗ്ദ്ധ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

99. വരുമാനം വർദ്ധിപ്പിക്കുന്നതിനായി, നികുതി പിരിച്ചെടുക്കുന്നത് ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുന്നതിന്, വാണിജ്യ നികുതി വകുപ്പിൽ കർശന നടപടി എടുക്കുന്നതാണ് ഈ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി മൂല്യവർദ്ധിത നികുതി വ്യവസ്ഥിതിയിലേക്കുള്ള പരിവർത്തനം ഈ വർഷം തന്നെ പൂർത്തിയാക്കുന്നതിന് ഉദ്ദേശിക്കുന്നു. മൂല്യ വർദ്ധിത നികുതിയിൽ നിന്നും പ്രതീക്ഷിച്ച വരുമാനം കുറഞ്ഞുപോയതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതും പരിഹരിക്കുന്നതുമാണ്. ഈ ആവശ്യത്തിലേക്കായി ഓഡിറ്റ് അസസ്സ്മെന്റ് വിഭാഗവും ഇന്റലിജൻസ് വിഭാഗവും ശക്തിപ്പെടുത്തുന്നതാണ്.

100. സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണം പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളതും അവശേഷിക്കുന്ന ഓഫീസുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നതുമാണ്. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകൾക്കും കെട്ടിടങ്ങൾ പണിയുന്നതിനുള്ള സമയബന്ധിതമായ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ട്രഷറികളുടെ കമ്പ്യൂട്ടർവത്കരണം പൂർത്തിയായി കഴിഞ്ഞു. സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള പ്രധാന സെർവറിലേക്ക് ഓരോ ദിവസവും എല്ലാ ട്രഷറികളിലെയുമുള്ള മുഴുവൻ വിവരങ്ങളും ഇപ്പോൾ പ്രവർത്തനത്തിലുള്ള ഡയൽ-അപ് സംവിധാനം വഴി അയയ്ക്കുന്നതിനു പുറമെ, ട്രഷറികൾ തമ്മിലുള്ള പരസ്പരബന്ധം സാധ്യമാക്കുന്ന വൈഡ് ഏരിയ നെറ്റ്‌വർക്കും ഉടൻതന്നെ ആവിഷ്ക്കരിക്കുന്നതാണ്.

101. യുവജനങ്ങളെ നശിപ്പിക്കുന്ന കഞ്ചാവിന്റെയും മറ്റു മയക്കുമരുന്നുകളുടെയും വ്യാപകമായ ഉപയോഗത്തിനെതിരായി എക്സൈസ് വകുപ്പ് സത്വര നടപടികൾ ആരംഭിക്കുന്നതാണ്. കഞ്ചാവ് കൃഷി തുടച്ചുനീക്കുന്നതിനായി വനം വകുപ്പിലെയും, പോലീസിലെയും, എക്സൈസ് വകുപ്പിലെയും ഉദ്യോഗസ്ഥന്മാരുടെ ഒരു സംയുക്ത സംഘം വനപ്രദേശങ്ങളിൽ റെയ്ഡുകൾ നടത്തുന്നതാണ്. വ്യാജമദ്യത്തിന്റെ ഉല്പാദനവും, വില്പനയും, ഉപയോഗവും നിരോധിക്കുന്നതിനായി ജില്ലാ/താലൂക്ക് കേന്ദ്രങ്ങളിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറക്കുന്നതാണ്. "എക്സൈസ് കോംപ്ലക്സ്" കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നതും ഇത് ഈ വർഷം അവസാനത്തോടെ പ്രവർത്തനസജ്ജമാകുന്നതുമാണ്.

102. ശാന്തമായ ക്രമസമാധാനാന്തരീക്ഷം കാത്തുസൂക്ഷിക്കുന്നതും ജനങ്ങളുടെ ജീവനും സ്വത്തിനും അവകാശങ്ങൾക്കും സംരക്ഷണം ഉറപ്പുവരുത്തുന്നതും എന്റെ സർക്കാരിന്റെ പരമോന്നതമായ കടമയാണ്. പോലീസ് അതിക്രമങ്ങളെക്കുറിച്ചുള്ള പരാതികൾ ഉചിതമായി കൈകാര്യം ചെയ്യുന്നതിനും പോലീസ് ഉദ്യോഗസ്ഥരുടെ പരാതികൾ പരിഹരിക്കുന്നതിനും ഒരു പോലീസ് കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. പോലീസ് സേനയെ നവീകരിക്കുന്നതിന് മുൻസർക്കാരുകൾ നിയമിച്ചിട്ടുള്ള കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ടുകൾകൂടി പരിഗണിക്കുന്നതാണ്. പോലീസ് സ്റ്റേഷനുകളിൽ പോലീസ് മൂന്നാംമുറകൾ അവലംബിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ വേണ്ട എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്. അതേ സമയം, മാഫിയ ഘടകങ്ങളെ അടിച്ചമർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. ഹൈവേപോലീസ്പട്രോൾ ടീമുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതും വെറുതെ പെറ്റികേസുകൾ ചുമത്തി ഹൈവേ പെട്രോൾ സംഘങ്ങൾ പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതുമാണ്

103. തീരദേശ സംരക്ഷണ പദ്ധതിയുടെ കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്തിയ പരിഗണന നൽകാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തീരദേശ സംരക്ഷണ പദ്ധതിയുടെ ഭാഗമായി, ഭാരത സർക്കാരിന്റെ സഹായത്തോടെ കേരള തീരത്തുടനീളം, എട്ട് സ്ഥലങ്ങളിൽ തീരദേശ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്.

104. ക്രൈംബ്രാഞ്ച് സി. ഐ. ഡി. വിഭാഗത്തിലെയും, ലോക്കൽ പോലീസിലെയും അന്വേഷണ ഉദ്യോഗസ്ഥർക്ക് സാങ്കേതിക സഹായം നൽകുന്നതിനുവേണ്ടി, പോലീസ് ആസ്ഥാനത്ത് ഒരു ഉയർന്ന സാങ്കേതിക കുറ്റാന്വേഷണ സെൽ സ്ഥാപിക്കുന്നതാണ്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനും തടയുന്നതിനുമായി സുസജ്ജമായ ഒരു സൈബർ പോലീസ് സ്റ്റേഷൻ തിരുവനന്തപുരത്ത് ആരംഭിക്കുന്നതാണ്. അടിസ്ഥാന സൗകര്യ വികസന പരിപാടിയുടെ ഭാഗമായി പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും പോലീസ് ഉദ്യോഗസ്ഥർക്കും പോലീസ് സ്റ്റേഷൻ സന്ദർശിക്കുന്ന പൊതുജനങ്ങൾക്കും മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷവും മതിയായ സൗകര്യങ്ങളും സർക്കാർ ഉറപ്പുവരുത്തുന്നതുമാണ്.

105. നമ്മുടെ ജയിലുകളിലെ സ്ഥിതി മെച്ചപ്പെടുത്തേണ്ടതുണ്ട് എന്ന് എന്റെ സർക്കാരിന് ബോദ്ധ്യമുണ്ട്. ജയിലുകളുടെ നവീകരണ പദ്ധതിയിൻകീഴിൽ ഭാരത സർക്കാരിന്റെ സഹായത്തോടുകൂടി പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തുവരികയാണ്. ജയിലുകളിലെ വീഡിയോ കോൺഫറൻസിംഗ് നെറ്റ് വർക്കിന് പുതിയ പരിഗണന നൽകുന്നതും ജയിൽ ജീവനക്കാരുടെ താമസസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമാണ്.

106. കേരളത്തിൽ അഴിമതി ഉന്മൂലനം ചെയ്യുന്നതിനും സംസ്ഥാനത്ത് അഴിമതിരഹിത ഭരണം ഉറപ്പാക്കുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അഴിമതിവിമുക്ത സിവിൽ ഭരണം ഉറപ്പുവരുത്തുന്നതിന് എന്റെ സർക്കാർ അഴിമതിവിരുദ്ധ നിയമങ്ങളിലും ലോകായുക്ത നിയമങ്ങളിലും ഉചിതമായ ഭേദഗതികൾ കൊണ്ടുവരുന്നതാണ്.

107. എന്റെ സർക്കാർ, റോഡപകടങ്ങളുടെ ഭീതിജനകമായ വർദ്ധനവ് അതിന്റെ എല്ലാ ഗൗരവത്തോടുംകൂടി വീക്ഷിക്കുന്നു. ഇത് ലക്ഷ്യമാക്കിക്കൊണ്ട് ഡ്രൈവിംഗ് ടെസ്റ്റിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഡ്രൈവിംഗ് സിമുലേറ്ററുകളും ടെസ്റ്റ് ട്രാക്കുകളും പോലെയുള്ള ആധുനിക ഗാഡ്ജറ്റുകളോടുകൂടി ഡ്രൈവിംഗ് ടെസ്റ്റിംഗ് യാർഡുകൾ 14 കേന്ദ്രങ്ങളിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ആദ്യത്തെ വാഹന പരിശോധനകേന്ദ്രം കോഴിക്കോട് ചേവായൂരിൽ സ്ഥാപിച്ചുവരികയാണ്. ജില്ലാ ആസ്ഥാനങ്ങളിൽ 5 വാഹന പരിശോധന കേന്ദ്രങ്ങൾകൂടി സ്ഥാപിക്കുവാൻ ഈ വകുപ്പ് ഉദ്ദേശിക്കുന്നു. ട്രാഫിക് ലംഘനങ്ങൾ കണ്ടുപിടിക്കുന്നതിന് റഡാർ നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നതിനും, ട്രാഫിക് പഠനം നടത്തുന്നതിനും, ട്രാഫിക് സൈൻ ബോർഡുകളും, സിഗ്നൽ ലൈറ്റുകളും, ബ്ലിങ്കറുകളും സ്ഥാപിക്കേണ്ട അപകട സാധ്യത കൂടുതലുള്ള പ്രദേശങ്ങളും, സ്ഥാനങ്ങളും കണ്ടുപിടിക്കുന്നതിനുമായി വിദഗ്ദ്ധ ഏജൻസികളെ ഏർപ്പെടുത്തുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

108. കാലതാമസമില്ലാതെ സേവനം നൽകുക എന്ന നൂതന രീതി അനുസരിച്ച് റവന്യൂ വകുപ്പിലെ വിജിലൻസ് വിഭാഗം നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ എന്റെ സർക്കാർ സ്വീകരിക്കും. കോടതിയിൽ നിലവിലുള്ള കേസുകൾ വേഗത്തിൽ തീർപ്പാക്കിക്കൊണ്ട് നിയമപരമായി ഏറ്റെടുക്കുകയും വിതരണം ചെയ്യുകയും ചെയ്യേണ്ട മുഴുവൻ മിച്ചഭൂമിയും ഏറ്റെടുക്കുന്നതിന് എന്റെ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ ലക്ഷ്യം നേടുന്നതിന്

ഇക്കാര്യത്തിലുള്ള ഏത് നിയമ തടസ്സങ്ങളെയും തരണം ചെയ്യുന്നതിനായി റവന്യൂ വകുപ്പും, വനം വകുപ്പും ഏകോപനമായ രീതിയിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. 1977 ജനുവരി 1-ന് മുമ്പ് വനഭൂമിയിൽ കാർഷിക പ്രവർത്തനങ്ങൾ തുടങ്ങിയ ആളുകളുടെ താല്പര്യം സംരക്ഷിക്കുന്നതും അവർക്ക് പട്ടയം നൽകുന്നതുമാണ്. എന്നാൽ, തുടർച്ചയായ വനഭൂമി കൈയേറ്റം ശക്തമായി തടയുന്നതാണ്. ഏതെങ്കിലും വ്യാജ പട്ടയങ്ങൾ ഉണ്ടെങ്കിൽ, അവ പുറത്തു കൊണ്ടുവരുന്നതിനായി പ്രത്യേക സംഘങ്ങൾ രൂപീകരിക്കുന്നതും കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്. മിച്ചഭൂമി പിടിച്ചെടുക്കുന്നതിൽ കാലതാമസം വരുന്നതിനെക്കുറിച്ച് ഗൗരവമായ അന്വേഷണം നടത്തുന്നതും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സർക്കാർ ഭൂമി പാട്ടത്തിന് നൽകിയത് സമയോചിതമായി പരിഷ്കരിക്കുകയും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്യും. പാട്ടഭൂമിയിലെ അനധികൃത പ്രവർത്തനങ്ങൾ ഗൗരവമായി എടുക്കുകയും ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

**109.** പല വിധത്തിലുമുള്ള അപകട സാദ്ധ്യതകളുള്ള ഒരു സംസ്ഥാനമായിട്ടാണ് കേരളത്തെ, ഭാരത സർക്കാരിന്റെ ദുരന്ത സാദ്ധ്യതാ ഭൂപടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വരൾച്ച, വെള്ളപ്പൊക്കം, കടൽക്ഷോഭം, ഇടിമിന്നൽ, ഉരുൾപൊട്ടൽ, ഭൂകമ്പം എന്നിവ പോലെയുള്ള പ്രകൃതി ദുരന്തങ്ങൾ വർദ്ധിച്ചു വരികയാണ്. സംസ്ഥാനത്തുണ്ടായ ഭയാനകമായ സുനാമി ദുരന്തത്തിനുശേഷം, ഭാരത സർക്കാർ അനുവദിച്ച 1441.75 കോടി രൂപയുടെ സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി

ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്, കണ്ട് വന്ന പദ്ധതികൾക്ക് രൂപം കൊടുക്കുകയും, അവയ്ക്ക് അനുമതി നേടുകയും ചെയ്തു. ദുരന്ത നിവാരണത്തിനുള്ള പദ്ധതി ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും, നടപ്പിലാക്കുന്നതിനും എന്റെ സർക്കാർ ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് നയം കൊണ്ടുവരുന്നതാണ്. ഭാരത സർക്കാരിന്റെ സജീവമായ സഹായത്തോടെ ചുഴലിക്കാറ്റ്, ഉരുൾപൊട്ടൽ മുതലായവയ്ക്ക് വേണ്ടിയുള്ള 'റിസ്ക് മിറ്റിഗേഷൻ ഡിസാസ്റ്റർ പ്രോഗ്രാമുകൾ' ഏറ്റെടുക്കുന്നതാണ്. ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

116. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായും, ഭാരത സർക്കാർ വ്യവസ്ഥ ചെയ്ത പ്രകാരവും ഉള്ള മാസ്റ്റർ പ്ലാൻ അനുസരിച്ച്, ശബരിമലയിൽ ക്ഷേത്ര ദർശനത്തിനെത്തുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ആവശ്യമായ എല്ലാ സഹായവും എന്റെ സർക്കാർ ചെയ്യുന്നതാണ്. ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം സന്ദർശിക്കാൻ വരുന്ന അനേകം തീർത്ഥാടകരെ കണക്കിലെടുത്ത്, ആ പ്രദേശത്ത് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ച്, ആ പ്രദേശം വികസിപ്പിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്റെ സർക്കാർ നിലവിലുള്ള ദേവസ്വം നിയമങ്ങൾ മൊത്തത്തിൽ പുനരവലോകനം നടത്തുന്നതും, നിയമങ്ങൾ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്. മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതാണ്.

111. നിയമ പരിഷ്കരണത്തിന് കാര്യപരിപാടിയിൽ എന്റെ സർക്കാർ ഉയർന്ന മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നു. നിലവിലുള്ള എല്ലാ നിയമങ്ങളും, അവയ്ക്ക് എന്തെങ്കിലും ഭേദഗതി ആവശ്യമാണോ എന്നും, അഥവാ, അവ ചില സംഗതികളിൽ അതേപടി നിലനിർത്തേണ്ടതുണ്ടോയെന്നും കണ്ടെത്തുന്നതിന് ശ്രദ്ധാപൂർവ്വം സൂക്ഷ്മപരിശോധന നടത്തേണ്ടതാണ്. ഈ ആവശ്യത്തിലേക്ക്, ജഡ്ജിമാരുടെയും, അഭിഭാഷകരുടെയും നിയമജ്ഞരുടെയും വൈദഗ്ദ്ധ്യവും പ്രായോഗിക പരിജ്ഞാനവും വിനിയോഗിച്ചുകൊണ്ട് ഒരു നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിക്കേണ്ടതുണ്ട്. നിയമ വകുപ്പിൽ മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുന്നതിനും, നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് സംസ്ഥാന ആക്റ്റുകളും, ചട്ടങ്ങളും മറ്റ് പ്രധാന ഉത്തരവുകളും, വിജ്ഞാപനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ലീഗൽ ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

112. 11-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പദ്ധതി രൂപീകരണത്തിൽ, കേരളത്തിന്റെ പ്രത്യേക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് എന്റെ സർക്കാർ ശ്രമിക്കുന്നതാണ്. ഇതിനായി, ആസൂത്രണ കമ്മീഷന്റെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളിൽ, സംസ്ഥാന പ്രതിനിധികളെ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് എന്റെ സർക്കാർ അഭ്യർത്ഥിക്കുന്നതാണ്.

113. പ്രത്യേക സാമ്പത്തിക മേഖലയുടെയും, ദേശീയ സ്ഥാപനങ്ങളുടെയും രൂപീകരണം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങളിൽ ഉചിതമായ മാറ്റങ്ങൾ

വരുത്തുവാൻ എന്റെ സർക്കാർ പ്രയത്നിക്കുകയും, കേരളത്തെപ്പോലെ ഉയർന്ന ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങൾ ഒഴിവാക്കപ്പെടാതിരിക്കാൻ ആവശ്യാധിഷ്ഠിത മാനദണ്ഡമനുസരിച്ച്, ഭൂമിയുടെ ആവശ്യകത നിർണ്ണയിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്യും. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പലതും, കേരളത്തിന് യോജിച്ചവയല്ല. ആയതിനാൽ, മെച്ചപ്പെട്ട രീതിയിൽ ഈ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നതിലേക്കായി, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിലവിലുള്ള ഘടനയിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാരുമായി, എന്റെ സർക്കാർ ആശയവിനിമയം നടത്തുന്നതാണ്.

114. സ്ത്രീകളുടെ അവകാശങ്ങൾ തിരിച്ചറിയുന്നതിൽ രാജ്യത്തിൽ കേരളത്തിനുണ്ടായിരുന്ന പ്രധാന സ്ഥാനം ഇന്ന് വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഉദാരവൽക്കരണം, സ്ത്രീകളെ ചൂഷണം ചെയ്യുന്ന പൈശാചിക ശക്തികളെ കെട്ടഴിച്ചുവിടുന്നുണ്ട്. സ്ത്രീകളുടെ അന്തസ്സും അവകാശങ്ങളും ഉയർത്തിപ്പിടിക്കുന്നതിന് എന്റെ സർക്കാർ കഴിവുള്ളതെല്ലാം ചെയ്യുന്നതും സ്ത്രീകളെ ചൂഷണം ചെയ്യുന്നതിന് പ്രേരിപ്പിക്കുന്നവരെയും, കുറ്റക്കാരെയും എല്ലാ ശക്തിയുമുപയോഗിച്ച് നിർദാക്ഷിണ്യം ശിക്ഷിക്കുന്നതിന് യാതൊരു മടിയും കാണിക്കുകയും ചെയ്യില്ല. കൂടാതെ, വികസന രംഗത്തും ലിംഗപരമായ നീതി ഉറപ്പാക്കുന്നതാണ്. ഈ ലക്ഷ്യത്തിലേക്കായി ഘട്ടം, ഘട്ടമായി 'ജെൻഡർ ബഡ്ജറ്റിംഗ്' നടപ്പിലാക്കുന്നതാണ്.

115. എന്റെ സർക്കാർ ഏറ്റെടുക്കാനുദ്ദേശിക്കുന്ന പ്രവർത്തനോദ്ദേശങ്ങളുടെ ഒരു നീണ്ട പട്ടികയെ കുറിച്ച് ഞാൻ ഒരു രൂപരേഖ തന്നു കഴിഞ്ഞു. ഈ ആധികാരിക പ്രഖ്യാപനത്തിലൂടെ,

പ്രകടന പത്രികയിൽ നൽകിയ വാഗ്ദാനങ്ങളെല്ലാം ഔപചാരികമായ നയപ്രഖ്യാപനങ്ങളായി മാറ്റി കഴിഞ്ഞിട്ടുണ്ട്. മാറ്റത്തിനും, വികസനത്തിനുമായുള്ള നിർദ്ദേശങ്ങളുടെ വ്യാപ്തിയും, സമഗ്രതയും കാണുന്നതിൽ ഞാൻ സന്തുഷ്ടനാണ്. ഇത്, എന്റെ സർക്കാരിന്റെ വ്യക്തമായ കാഴ്ചപ്പാടിനെ സൂചിപ്പിക്കുന്നതുമാണ്. ഈ പാവനമായ പ്രതിബദ്ധത പ്രവൃത്തിപഥത്തിലെത്തിക്കാൻ കഴിയുമെന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. എന്റെ സർക്കാർ, ഏറ്റെടുത്ത ദൗത്യം വളരെ വലുതും, ഉദ്യമങ്ങൾ അസംഖ്യവും, സാമ്പത്തിക സ്ഥിതികാര്യം പ്രയാസമേറിയതുമാണ്. എങ്കിലും, കേരളത്തിലെ ജനങ്ങളുടെ സഹായത്തോടെ വാഗ്ദാനങ്ങൾ നിറവേറ്റുവാൻ അതിനു കഴിയുമെന്ന് എന്റെ സർക്കാരിന് ആത്മവിശ്വാസമുണ്ട്. എന്റെ സർക്കാർ പിൻതിരിഞ്ഞു നോക്കുന്നത് കാര്യങ്ങൾ പഠിക്കുവാനായി മാത്രമായിരിക്കുമെന്നും, പ്രവൃത്തിക്കുന്നതിനു മാത്രമായി മുന്നോട്ടു നീങ്ങുമെന്നും എനിക്ക് നിങ്ങൾക്ക് ഉറപ്പു തരാൻ കഴിയും. എന്റെ സർക്കാർ ഓരോ നയനങ്ങളിൽ നിന്ന് കണ്ണീരൊപ്പുക മാത്രമല്ല, ഓരോ വദനങ്ങളിലും പുഞ്ചിരി കൊണ്ടുവരുകകൂടി ചെയ്യുന്നതാണ്.

ജയ് ഹിന്ദ്

— - — — — — — . —